
# വർണ്ണപഥം



## സെന്റ് റോക്സ് ഹൈസ്കൂൾ

### തോപ്പ്, തിരുവനന്തപുരം



# ആമുഖം

*കുട്ടികളുടെ ബൗദ്ധികവും മാനസികവുമായ ശേഷി*

*വികസിപ്പിക്കുന്നതിന് സഹായകമായ സംഘടനയാണ്*

*ലിറ്റിൽ കൈറ്റ്സ് .ഐ.റ്റി മേഖലയിൽ കുട്ടികൾക്ക്*

*ആനിമേഷൻ,പ്രോഗ്രാമിംഗ്,മലയാളം ടൈപ്പിങ്,*

*തുടങ്ങിയവയിൽ പ്രാവീണ്യം നേടുന്നു.*

*വിദഗ്ധരായ അധ്യാപകരുടെ പരിശീലനത്തിലൂടെ*

*കുട്ടികൾക്ക് അവരുടെ അറിവ് വർദ്ധിപ്പിക്കുന്നതിന്*

*ഏറെ സഹായകരമായ സംഘടനയാണിത്*

# ഉള്ളടക്കം


*പാഠം*

*ജീവിതം*

*സുഹൃത്ത്*

*നിലാവ് ഒരു കൂട്ടുകാരി*

*കുസൃതി പൂച്ച*

*മയിലേ മയിലേ ...*

*അമ്പിളി മാമൻ*

*ജന്മനാടേ...*

*സൗഹൃദ ഗാനം*

*പ്രളയം*

*കടംകഥകൾ*

*പഴഞ്ചൊല്ലുകൾ*

*സൗഹൃദം*

*വെണ്ണയുണ്ടെങ്കിൽ*

*എന്റെ വിദ്യാലയം*

*ഏകാന്തത*

*മാതാപിതാക്കൾ*

*അമ്മ*

*വെളിച്ചമാകുന്ന സ്ത്രീ*

*കൂട്ടുകാരി*

*എന്റെ പ്രകൃതി സുന്ദര പ്രകൃതി*

പുലർകാലം

പുഴ

പരോപകാരമേ പുണ്യം

സമയ പുരാണം

വൃദ്ധസദനം

*ചിത്രശലഭം*

*ആമയും കുരങ്ങും*

*അണയാത്ത സ്നേഹം*

*ക്വിസ്*

*The God of Gods*

*Life*

*My mother*

*Lack of Exercise*

*Importance of joint family in current society*

*THE JOURNEY*

***MAHATMA GANDHI***

*MOTHER*

*HOPE FOR THE BEST AND*

*PREPARE FOR THE GOOD*


*WHERE THERE IS A WILL,THERE IS A WAY*

*DISCIPLINE*

# *Our Headmistress*



Smt. Bindu A.



ആശംസ

2018-19 അധ്യയന വർഷത്തേക്കു ലിറ്റിൽ കൈറ്റ്സിന്റെ വളർച്ചയ്ക്കുവേണ്ട എല്ലാവിധ ആശംസകളും നന്മകളും പ്രാർത്ഥനകളും നേരുന്നു.

Bindu A

BINDU. A
Teacher-in-charge
St. Roch's High School
Thope, Tvpm-8

# സെന്റ് റോക്ക്സ് സ്കൂൾ മാനേജർ



Rev. Sr. Dr. Rose Anne Antony ICM

*Wishing you all great success*

Little Kite Members 2018-19

# Little Kite Members 2018-19



## Little Kite Mistresses



Smt. Pamela R.David(HST)
Smt. Mary Rani C. S.(HST)



- Syama A. S

**Ekam Sat Vipra Bahudha Vadanthi.**

Truth is one,though the sages know it as many.

God is one ,though different religions approach Him differently. Call Him Shiva , Allah, Jesus or any other form of God that you believe in.
Our paths may be different. Our destination is the same.


## പാഠം



അതിക്രമിച്ചിരിക്കുന്നു
നീ..
കാലത്തിൻ
കുത്തൊഴുക്കിൽ
നോക്കുകുത്തിയായി ഞാൻ
പ്രകൃതിതൻ മടിത്തട്ടിൽ
വിഹരിച്ച നീ,
മറന്നുവോ നിൻ അമ്മയാം പ്രകൃതിയെ.

നിൻ ക്രൂരതകളിൽ മൗനിയായ്
നിന്നു നിൻ അമ്മ
അതിരു കടന്നിരിക്കുന്നു നിൻ
ചെയ്തികളെല്ലാം
അവനവനാചരിക്കും കർമ്മത്തിൻ ഫലം
തൽക്ഷണം ലഭിച്ചീടും

-9A LITTLE KITES



# ജീവിതം

ജീവിതമൊരു പാഠപുസ്തകമാണ്..
ഓരോ അധ്യായങ്ങളും
പുതുമയേറിയ അനുഭവമാണ് പകരുന്നത്..
ചിലത് സന്തോഷത്തിന്റെയും
ചിലത് ദുഃഖത്തിന്റെയും
അധ്യായങ്ങളാവാം...



# സുഹൃത്ത്

**ഒരു നല്ല ചങ്ങാതി രണ്ട് പുസ്തകത്തേക്കാൾ ഭേതമാണ്.അവർ മാനമാകുന്ന ഹൃദയത്തിൽ നക്ഷത്രങ്ങളായി ചിതറിക്കിടക്കുന്നു.ദുഃഖങ്ങളും സന്തോഷങ്ങളും പരിഭവങ്ങളും പങ്കുവയ്ക്കാൻ പ്രതിഫലമാഗ്രഹിക്കാതെ ദൈവം നമ്മുക്ക് തന്ന സമ്മാനമാണ് നല്ല സുഹൃത്തുക്കൾ**

-സാനിയ, അൻസി, അലീന

# നിലാവ് ഒരു കൂട്ടുകാരി

സ്നേഹമെന്ന രാഗം...മിന്നിമായും നേരം ,
എൻ മനസിൽ നിൻ മുഖം ഓടിയെത്തുന്നു
മനസ്സാകും രാഗം ,കുളിരാകും താളം ,
നിനക്കായി ഞാൻ പാടാം എൻ കൂട്ടുകാരി...
എന്റെ കളിക്കൂട്ടുകാരി.....എന്റെ
നിലാകൂട്ടുകാരി..........

എൻ മോഹത്തിൽ പൂഞ്ചിറകേകി...
നീ ഒഴുകിവരും തെന്നൽക്കാറ്റെ...
എൻ ജീവന്റെ താളമാണു നീ.......
പൂർണ്ണരാവിൻ വെളിച്ചവും നീ,
വെണ്മുകിലിൻ കനവും നീ,
നിന്നെകണ്ടനാൾ മുതൽ

എൻെറതാണെന്നോർത്തുപോയ് ഞാൻ....
എൻെറ സ്വന്തമാണെന്നോർത്തുപോയ് ഞാൻ
സ്നേഹമാണെന്ന രാഗം, കുളിരാകും താളം,
നിനക്കായി ഞാൻ പാടാം , എൻ കൂട്ടുകാരി
എൻെറ കളിക്കൂട്ടുകാരി.... എൻെറ
നിലാകൂട്ടുകാരി.........

- ഹാദിയ, അഫ്രിൻ

## കുസൃതിപ്പൂച്ച

എനിക്കുമുണ്ടൊരു
പൂച്ചക്കുഞ്ഞ്
ചക്കിഎന്നൊരു
പൂച്ചക്കുഞ്ഞ്
ഓടിക്കളിക്കും



# പൂച്ചക്കുഞ്ഞ്

പൂവിതൾ പോലൊരു പൂച്ചക്കുഞ്ഞ്
പൂങ്കാവനത്തിലെ
റാണിയാകാൻഎനിക്കുമുണ്ടൊരു
പൂച്ചക്കുഞ്ഞ്
ഞാനെന്നും വാരിപ്പുണരേണം
ഊണെന്നും വാരിക്കൊടുക്കേണം
ഉല്ലാസയാത്രയ്ക്കുപോകേണം
ഊയലിലിരുന്ന് ആടേണം
ഉമ്മകളൊരായിരം നൽകേണം
ഊഞ്ഞാലാട്ടിയുറക്കേണം
എനിക്കുമുണ്ടൊരു പൂച്ചക്കുഞ്ഞ്
ഓടിക്കളിക്കും പൂച്ചക്കുഞ്ഞ്

- അഫ്രിൻ ഫാത്തിമ

# മയിലേ മയിലേ എൻ മയിലേ

മയിലേ മയിലേ എൻ മയിലേ
ആരു നിനക്കീനിറമേകീ



സുന്ദരമേനി
തഴുകുമ്പോൾ
ഞാനും സ്വർഗം
കണ്ടല്ലോ
ഏഴു നിറത്താൽ എൻ മനസ്സിൽ
നിറഞ്ഞു നിൽക്കും എപ്പോഴും
നൃത്തച്ചുവടുകൾ വയ്ക്കുമ്പോൾ
താളം പോലും വേണ്ടല്ലോ
വാലിൽ ആരീ അഴകേകി
ആരു നിനക്കീ മിഴിയേകി
ഏഴു നിറത്താൽ കാണും ഞാൻ
മയിലേ നിന്നുടെ പൂമേനി
മയിലിന്റെ കൊച്ചു കൂട്ടുകാരി

ബീഗം ഹാദിയ

# അമ്പിളിമാമൻ



ഇരുൾ വന്നു മൂടി

ആകാശത്ത് ഇരുൾ വന്നു മൂടി
താരങ്ങൾ കൺചിമ്മി നിന്നു
പുഞ്ചിരിയോടെ മിന്നി തിളങ്ങി
ഒപ്പം വന്നു അമ്പിളിമാമനും
ചെറുപുഞ്ചിരിയോടെ അമ്പിളിവന്നു
കടലിൽ ചെറുവള്ളങ്ങൾ
നീന്തിക്കളിക്കും പോലെ
ആകാശമാം സമുദ്രത്തിൽ
അമ്പിളി നീന്തിക്കളിച്ചു
മേഘജാലങ്ങൾക്കിടയിലൂടെ
താരങ്ങൾക്കിടയിലൂടെ
നീന്തി നീന്തി കളിക്കുന്നവല്ലോ
അമ്പിളിമാമനും

- അഫ്രിൻ, ബീഗം ഹാദിയ

# ജന്മനാടെ...

വന്നിതാ ഞാൻ ഈ ദൈവനാട്ടിൽ
കണ്ടതും അത്ഭുതകര കാഴ്ച്ച
മരമില്ല ചെടിയില്ല കുന്നില്ല കാടില്ല
ജീവശ്വാസവും ശുദ്ധമല്ല
മരണവീടുപോലെയുള്ള
വയലും



മാലിന്യത്തിൽ കുളിച്ച നദിയും
എന്തുപറ്റി നിനക്കെന്തുപറ്റി
ജന്മനാടേനിനക്കെന്തുപറ്റി
പച്ചപ്പുമാറി കെട്ടിടമായി
കുളമില്ല കിണറില്ല വെള്ളമില്ല
വേനലിൻ ചൂടേറ്റ് വറ്റുകയായി
എന്താ നിനക്കിന്നു പറ്റിയത് ?
വെണ്ടെൻെറ നാടെ നമ്മുകീയവസ്ഥ
മാറ്റിയാലും

**എന്റെ ജന്മനാടെ കേഴുകയായി മക്കൾ**
**നിന്നോട് മാറ്റിതരില്ലേ നീ ഈ അവസ്ഥ....**

**- Parvathy, Nadia ix c**

# സൗഹൃദ ഗാനം




മോഹം മൂളും മായിക രാഗം
മൗനം പോലും മാറോടണയ്ക്കും
മോഹനമാമീ നീല നിലാവിൽ
സൗഹൃദ ഗാനം പാടാതെ പാടവെ

ഇനി എന്നും എന്നും കൈകോർത്തു നിൽക്കാൻ
ഉയിരോടണയ്ക്കാൻ എൻ പ്രിയ തോഴർ
ഉരുകും വെയിലിലും കുളിർമ്മയായി
സാന്ത്വനമേകും എന്നും എന്റെ തോഴർ

കടലലപോലെ ഉഴറുമെൻ കണ്ണനീർ

പുഞ്ചിരിയാക്കും മായവർ, മന്ത്രവർ
ഇനി എന്നുമെന്നും കൈകോർത്തിടാം
ഉയിരോടണയ്ക്കാൻ എൻ പ്രിയ തോഴർ

- സാന്ദ്ര, കെസിയ



# പ്രളയം

ഒടുവിൽ ഒരു രാത്രിയിൽ
മനുഷ്യൻെറ പേടിസ്വപ്നമായി
വന്നെത്തി രാക്ഷസനെപോലെ
മനുഷ്യനെ വിഴുങ്ങുന്ന രാക്ഷസൻ
മഴയുടെ രൂപത്തിൽ ഭൂമിയിൽ ഉത്ഭവിച്ചു.
മനുഷ്യനെ കരയിപ്പിച്ചും ഒറ്റപ്പെടുത്തിയും
നഷ്ടപ്പെടുത്തിയും മഴ സന്തുഷ്ടനായി.
ചെറിയവനെന്നോ വലിയവനെന്നോ
അടിമയെന്നോ സ്വതന്ത്രനെന്നോ
വേർതിരിവില്ലാതെ മനുഷ്യൻ
പേമാരിയുടെ മുന്നിൽ ഒരേ
ത്രാസിൽ തൂങ്ങി.
അങ്ങനെ മഴ മനുഷ്യന്
പേടിയുടെ  നിഴലായി മാറി.
ഇതിന് കാരണക്കാരായ മനുഷ്യൻ
ഇത് അനുഭവിച്ചു മരിക്കുന്നു.
ഇനിയെങ്കിലുംമനുഷ്യൻെ ക്രൂരതയും
അഹങ്കാരവും കുറക്കണം എന്ന്
പാഠം പ്രളയം നമ്മെ ഓർമ്മിപ്പിക്കുന്നു.
ഇനിയും തീരുകയില്ല മനുഷ്യാ
നിൻെറ ദുഷ്ടതയും ക്രൂരതയും.

- റാഹിമ, ഐഷു

## കടങ്കഥകൾ

1. അങ്ങോട്ടും ഇങ്ങോട്ടും സംബന്ധം വീട്ടമ്മക്കിത് നിർബന്ധം?

വാതിലിന്റെ സാക്ഷ

2. അടിമുള്ള് നടും കാട് തലപൂവ്?

കൈതച്ചക്ക

3. കാള കിടക്കും കയറോടും?

മത്തൻ

4. കാലിൽ പിടിച്ചാൽ തോളിൽ കയറും?

കുട

5. അകത്തുനിന്ന് നോക്കികാണും,കാണുന്നതെല്ലാം ഉളിലാക്കും?

ക്യാമറ

6. അങ്ങേലെ വീട്ടിലെ മുത്തശ്ശിക്ക്,ഇങ്ങേലെ വീട്ടിൽ മുറ്റമടി?

മുള

7. അകത്ത് രോമം പുറത്തിറച്ചി?

മൂക്ക്

8. അക്കരെനിക്കും തുഞ്ചാണി,ഇക്കരെനിക്കും

തുഞ്ചാണി കുട്ടിമുട്ടം തുഞ്ചാണി?

കൺപീലി

9.ഞെട്ടില്ല വട്ടയില്ല?

പപ്പടം

10. അകത്തറുത്താൽ പുറത്തറിയും?

ചക്ക

-ആമിന

# പഴഞ്ചൊല്ല്

1.ആറ്റിൽ കളഞ്ഞാലും അളന്നുകളയണം.

2.ആവശ്യക്കാരന് ഔചിത്യം പാടില്ല!

3.ഒരുത്തനെ തന്നെ നിനച്ചിരുന്നാൽ,വരുന്നതെല്ലാം അവനെന്നു തോന്നും.

4.ഓടുന്ന പട്ടിക്ക് ഒരുമുഴം മുന്നേ!

5.ഓണം വന്നാലും ഉണ്ണി പിറന്നാലും,കോരനുകന്നി കുമ്പിളിൽ തന്നെ.

6.കണ്ണുണ്ടായാൽ പോരാ,കാണണം.

7.കണ്ടറിയാത്തവൻ കൊണ്ടറിയും.

8.കണ്ണിൽ കൊള്ളേണ്ടതു പുരികത്തു കൊണ്ടു.

9.മോങ്ങാൻ ഇരുന്ന നായയുടെ തലയിൽ തേങ്ങവീണു.

10.രണ്ടു കയ്യും കൂട്ടിയടിച്ചാലെ ശബ്ദം കേൾക്കൂ.

- ആഫിയ

# സൗഹൃദം

പട്ടണത്തിലെ ഒരു ഗവൺമെന്റ് കോളേജിൽ ഡിഗ്രിയ്ക്കു പഠിക്കുന്ന രണ്ടു വിദ്യാർഥികൾ നല്ല സുഹൃത്തു - ക്കളായിരുന്നു. അവർ ഏവർക്കും പ്രീയങ്കരരായിരുന്നു. നല്ല സ്വഭാവത്തിനുടമയായിരുന്നു അവർ .സിദ്ധാർത്ത് ,വിഷ്ണു എന്നിങ്ങനെയായിരുന്നു അവരുടെ പേരുകൾ. അതിൽ വിഷ്ണു അനാഥനായിരുന്നു. അവന്റ അനാഥത്വം അവന്റ ഉള്ളിൽ വിഷമം ഉളവാക്കിയിരുന്നു.

അങ്ങനെ കാലങ്ങൾ കടന്നു പോകവെയാണ് അവൻ സിദ്ധാർഥനെ കണ്ടുമുട്ടുന്നത്. സിദ്ധുവിലെ ഏതോ ഒരു സ്വഭാവം വിഷ്ണുവിന്റെ മനസ്സിനെ ആകർഷിച്ചു. അത് സിദ്ധുവിൽ അടുക്കാൻ കൂടുതൽ താൽപര്യമുണ്ടാക്കി.

പിന്നെ കാലക്രമേണ അവർ പോലുമറിയാതെ അവർ നല്ല ചങ്ങാതിമാരായി തീർന്നു. സിദ്ധുവിന്റെ അമ്മയ്ക്കു

*അവനും അശ്വതിയും രണ്ടു മക്കളായിരുന്നു. വിഷ്ണുവിൽ അവർ അവരുടെ രണ്ടാം മകനെയായിരുന്നു കണ്ടിരുന്നത്. അവന്റെ കഥകളെല്ലാം സിദ്ധുപറഞ്ഞ് അവന്റെ മാതാപി - താക്കൾക്ക് അറിയാമായിരുന്നു .*

*ഓരോ ആഘോഷത്തിനും സിദ്ധുവിന്റെ വീട്ടിൽ വിഷ്ണുവിനെ ക്ഷണിക്കുമായിരുന്നു.*

*ഒരു വിഷുകാലത്ത് സിദ്ധാർത്ഥ് വിഷ്ണുവിനെ നിർബന്ധിച്ച് വീട്ടിൽ കൊണ്ടുവന്നു. അവൻ വന്നതിൽ സിദ്ധാർത്ഥൻെറ വീട്ടുകാർക്ക് വളരെ സന്തോഷമായിരുന്നു.*

*അങ്ങനെ അവർ സന്തോഷപൂർവ്വം അവിടെ കഴിഞ്ഞു. സിദ്ധാർത്ഥൻെറ കുടുംബശത്രുവായ ഒരു വ്യക്തി അവരുടെ ഈ സന്തോഷത്തിൽ അസൂയപ്പെട്ടിരുന്നു. ആയതിനാൽ അവർ സിദ്ധാർത്ഥനെ കള്ളകേസ്സിൽ പെടുത്തി, അവനെ അറസ്റ്റ് ചെയ്തു. തൻെറ സുഹൃത്തിന് ഈ അവസ്ഥ വന്നതിൽ വിഷ്ണുവിന് വളരെ വിഷമമായി സിദ്ധുവിനെ വക്കിലിൻെറ സഹായത്തോടെ ജയിലിൽ നിന്ന് രക്ഷപ്പെടുത്താൻ കഴിഞ്ഞില്ല. അങ്ങനെ ദിവസങ്ങൾ കൊഴിഞ്ഞു കൊണ്ടിരുന്നു. ആ കുടുംബശത്രുവിനെ അപ്രതീക്ഷമായി വീഷ്ണു കാണാൻ ഇടയായി. അയാളുടെ സംസാരത്തിൽ നിന്ന് സിദ്ധുവിനെ കുടുക്കിയതാണെന്ന് വീഷ്ണു തിരിച്ചറിഞ്ഞു. അങ്ങനെ അവൻ അവർക്കെതിരെയുള്ള*

*തെളിവ് അന്വേഷിക്കാൻ തുടങ്ങി. മഹാബുദ്ധിമാനായ വിഷ്ണു അവരിൽ നിന്ന് തന്നെ അവർക്ക് എതിരെയുള്ള തെളിവുകൾ കണ്ടെത്തി അങ്ങനെ സിദ്ധുവിനെ കോടതിയിൽ ഹാജരാക്കാനുള്ള ദിനം വന്നുചേർന്നു. കോടതിയിൽ വിഷ്ണു താൻ ശേഖരിച്ച തെളിവുകൾ നിരത്തി. സിദ്ധുവിനെ മോചിപിച്ചു. സിദ്ധു വിഷ്ണുവിനെ കെട്ടിപ്പിടിച്ചുകരഞ്ഞു. അവരുടെ സൗഹൃദം കോടതി മുറിയിൽ ഒന്നാകെപരന്നു.അവരുടെ സൗഹൃദം ഏവർക്കും മാതൃകയായി.*

*- ആമിന, റാഹിമ*



# വെണ്ണയുണ്ടെങ്കിൽ

മുല്ലാ നസ്റുദ്ദിൻ ഭാര്യയോടു പറഞ്ഞു. കുറച്ചു വെണ്ണ കൊണ്ടുവരു . വെണ്ണ കഴിക്കുന്നത് കണ്ണിനു നല്ലതാണ്. വെണ്ണ തിർന്നുപോയി - ഭാര്യ പറഞ്ഞു വളരെ നന്നായി. വെണ്ണ പല്ലുകൾക്കും മോണകൾക്കും നന്നല്ല. നിങ്ങളുടെ ഏതു പ്രസ്താവനയാണ്ണ് ശരിയായത് ഭാര്യ വീട്ടിൽ വെണ്ണയുണ്ടെങ്കിൽ ആദ്യത്തേതും ഇല്ലെങ്കിൽ രണ്ടാമേത്തേതും മുല്ല പറഞ്ഞു.

- ഐഷ



# ഏകാന്തത

ഏകാന്തതേ,ഞാനറിയാത്ത
എൻ ജീവിതസഖി നീ!
എന്നും എൻ കൂടെ നിൽക്കുന്ന
മിത്രമാണ് നീ.
എല്ലാം എന്നിൽ നിന്നു സ്വന്തമാക്കി
ഞാൻ, എന്ന വാക്കിൻെറ ഉടമസ്ഥൻ നീ
ഇനി എന്നിൽ നിന്നു വാങ്ങാൻ
നീ മാത്രം
പെറ്റമ്മയെ  എന്നിൽനിന്നു മറച്ചു
എല്ലാം വാങ്ങി സ്വന്തമാക്കി
എങ്കിലും എന്നിൽ നിന്നു പോകാതെ
എന്നോടു ചേർന്നു നിൽക്കുന്നതെന്തേ?
ഞാൻ നിനക്ക് നന്മയ്ക്കായെന്തെങ്കിലുമുണ്ടോ?
ഇല്ലെങ്കിലും നീയെന്നെ അത്രയ്ക്ക് സ്നേഹിക്കുന്നു.
ലോകം എന്നെ മറക്കാതെ
എന്നൊടു ആത്മാർത്ഥ സ്നേഹം കാട്ടുന്നു
ഞാനറിയാതെന്നിൻ ഏകാന്ത പുഞ്ചിരി ഉണർത്തുന്നു നീ.
എന്നുമെന്നുള്ളിൽ സന്തോഷമാർഗം നീ.
നീയെൻ സഖി, നീയെൻ കളിക്കൂട്ടുകാരൻ
ആരുമില്ലെനിക്കീ ലോകത്ത് നീ മാത്രം,
സ്വന്തമാക്കി.
ഈ സ്നേഹത്തിനു പകരമായി നൽകുവാൻ
എന്നിൽ ഒന്നുമില്ല.
നിനക്ക് നൽകുവാൻ നീ മാത്രം.



-ആമിന, ദിക്ര

# മാതാപിതാക്കൾ



സ്നേഹത്തിൻ നിറകുടമാണ്
കരുതലിൻ പ്രതീകമാണ്
മാതാപിതാക്കൽ

ദൈവത്തിൻ സമ്മാനമാണ്
മക്കൽ തൻ നിധിയാണ്
മാതാപിതാക്കൽ

ജീവിതത്തിൻ നേർവഴിയാണ്
നൻമ തൻ കവാടമാണ്
മാതാപിതാക്കൽ

വേണ്ടീയതെല്ലാം തന്നീടുന്ന
ഒത്തിരി വാത്സല്യം കാട്ടീടുന്ന
സ്നേഹിച്ചീടാം ഒത്തിരി
മാതാപിതാക്കളെ

-ഖദീജ ഷഹ്ന



# അമ്മ

*സ്നേഹത്തിൻ  ഉറവിടമാണമ്മ*
*വാത്സല്യമെന്ന നിധിയുടെ കുമ്പാരമാണമ്മ*
*അമ്മയെന്ന പദത്തിന് പകരം വയ്ക്കാൻ*
*ഈ ലോകത്തിൽ മറ്റൊന്നിനുമാവില്ല*



*ജനിച്ച കുഞ്ഞിൻെറ നാവിൽ നിന്നാദ്യ-ങ*
*മുതിരുന്ന രണ്ടക്ഷരമാണ് അമ്മ*
*ഏതൊരു ദുഖത്തിലും ഏതാപത്തിലും*
*ആശ്വാസമേകുന്ന നക്ഷത്ര ദീപമാണമ്മ*

*അമ്മതൻ വയറെരിയുമ്പോഴും തൻ*
*മക്കളെ ഊട്ടിയുറക്കുന്ന ദേവതയാണമ്മ*
*കാരുണ്യത്തിൻ നിലവിളക്കാണമ്മ*
*ഭൂമിയുടെ പര്യായമാണമ്മ*

-ഖദീജ, ഷഹ്ന



# വെളിച്ചമാകുന്ന സ്ത്രീ



സ്ത്രീ അമ്മയാണ്
ദേവിയാണ് പ്രകൃതിയാണ്
ഇതാണ് സത്യം എന്നും
എങ്ങും എപ്പോഴും

എന്നാൽ ജീവിതത്തിൽ
തിക്കിലും തിരക്കിലും
അവൾ ഒന്നുമല്ലാതാകുന്നു

സ്ത്രീയെ വേദനിപ്പിക്കുന്നവർ
സ്വയം നിഷേധിക്കുന്നവരാണ്
സ്ത്രീ ഇല്ലാതാകുന്നതോടെ
വെളിച്ചമില്ലാതാകുന്നു

വെളിച്ചം നശിക്കുന്നതോടെ
നൻമ  വിടപറയുന്നു
അങ്ങനെ സ്ത്രീ
എല്ലാമെല്ലാമാകുന്നു

അവൾ സർവ്വതുമാകുന്നു
ഇതാണ് സത്യം എന്നും
എങ്ങും എപ്പോഴും -

ഖദീജ ഷഹ്ന

# കൂട്ടുകാരി

*എൻ തൂലികയിൽ നിന്നും എന്നും*
*വിരിയുന്നൊരു വാക്കാണീ സൗഹൃദം*
*ഇണങ്ങിയും പിണങ്ങിയും*
*കളിച്ചും രസിച്ചും*
*എന്നുമെൻ ആത്മാവിൽ അലിഞ്ഞു*
*ചേർന്നൊരു ഗീതമാണീ സൗഹൃദം*




*എനിക്ക് സൗഹൃദമെന്നത് കേവലം*
*അക്ഷരത്താളിലെ അലങ്കാര വസ്തുവല്ല*
*കണ്ടുരസിക്കാനുള്ള ഒരു പൂവല്ല*
*എൻ മനസ്സിലെ ദിവ്യസൃഷ്ടികളെ*
*തൊട്ടുണർത്തിയൊരു മഞ്ഞുത്തുള്ളി-*
*യാണീ സൗഹൃദം*

*അക്ഷരത്താളുകളിൽ നിന്നും*
*നാം കോർത്തിണക്കിയീ സൗഹൃദം*
*കടൽ പോലെ കാണാദൂരത്ത് ഒഴുകിനടക്കുന്ന*
*ഒരിക്കലും പിരിയാത്ത കടലിൽ*
*വന്നെത്തും കുഞ്ഞോളങ്ങളെ പോലെ*
*നാമിന്ന് ഒന്നായി ചേർന്നു*

*ഖദീജ ഷഹ്ന*

# എൻെറ പ്രകൃതി സുന്ദര പ്രകൃതി

എത്ര സുന്ദരമാണെൻ പ്രകൃതി
എത്ര മനോഹരമാമെൻ പ്രകൃതി
പച്ചപട്ട് പുതച്ചതുപോലെ ഭംഗിയാണെൻ പ്രകൃതി
പൂക്കളും പൂമ്പാറ്റകളും നിറഞ്ഞതാണെൻ പ്രകൃതി
പുഴകളും പൂന്തേൻ അരുവികളും നിറഞ്ഞതാണെൻ പ്രകൃതി
കാടുകളും മേടുകളും നിറഞ്ഞതാണെൻ പ്രകൃതി
എത്ര സുന്ദരമാണെൻ പ്രകൃതി
മലകളും ചെടികളും
ഭൂമിയുടെ വരദാനമാണ് പ്രകൃതി
എൻെറ സുന്ദര പ്രകൃതി



# പുലർകാലം

മഞ്ഞിൻെറ നേർത്ത തലോടൽ
നീ എനിക്കായ് തന്നകുളിർമഞ്ഞിൻസ്പർശം
കാറ്റിൻെറ സുഖമുളള അനുഭൂതി
നീ എനിക്കായ് തന്ന തഴുകൽ
കാലത്തിൻെറ കരങ്ങളിൽ
താരാട്ടായ് നീ എന്നെ
ഉറക്കിയത്



നീ എനിക്കായ് തന്ന ഓർമ്മ
എൻ ജീവിതത്തിൽ നീ വന്നണഞ്ഞത്
നീ എനിക്കായ് ഒഴിഞ്ഞുവച്ച ഭാഗ്യം
നിൻ ഹൃദയം നീ എനിക്കായ് തുറന്നത്
എൻെറ പുനർജന്മസൗഹൃദം
നീയായി ഞാൻ ഒഴുകുവാൻ കാത്തിരിക്കും ഇനിയും
അത് എന്നിലെ പുലർക്കാല സ്വപ്നം

ഖദീജ, ഷഹ്ന

# പുഴ



അസ്തിത്വമില്ലാതെ അനന്തമാം
അന്ധകാരത്തിലേക്കൊഴുകുന്നു ഞാൻ
നിശ്വസിക്കാനാകാതെ നിരാശ തൻ
നീരിലേക്കൊഴുകുന്നു ഞാൻ
വിചാരങ്ങളില്ലാത്ത വിദൂരതയിലേക്ക്
വിരസമായ് നീങ്ങിടുന്നു ഞാൻ
മൗനമാം മരണത്തിലേക്കറിയാതെയൊരു പിടി
മണൽവാരിയിട്ടു കൊണ്ടൊഴുകീടുന്നു ഞാൻ
അനിശ്ചിതമായ് നിൽക്കുന്ന
അന്ത്യത്തിൽ ആദ്യമാത്രലക്ഷ്യമായ്
അറിയാതെയെങ്ങോ ഒഴുകീടുന്നു ഞാൻ
വാർദ്ധക്യത്തിൻ വിരൂപചിത്രം
വാൽകണ്ണാടിയിലെന്ന പോൽ
കാണാതെ കണ്ടീടുന്നു ഞാൻ
അടർന്നു വീഴുന്നില്ല, വാക്കുകൾ
എങ്കിലും ചൊല്ലീടുന്നു ഞാൻ
ഞാൻ പുഴ
ഒരിക്കൽ നാടിന്റെ എല്ലാമായിരുന്നവൾ
പിന്നിടെപ്പോഴോ ഒന്നുമല്ലാതായപ്പോൾ
സ്വന്തം പുത്രർ തൻ കരങ്ങളാൽ
മരണമെന്ന സമ്മാനം സ്വീകരിക്കേണ്ടിവന്നവൾ
എങ്കിലും പുത്രരെ ,
നോവിക്കില്ലഞാൻ ശപിക്കില്ല നിങ്ങളെ,
യാത്രയായീടുന്നു ഞാൻ എന്നെന്നേയ്ക്കുമായ്
കുറിച്ചു വെച്ചീടുക എൻ ജീവചരിത്രം.

# പരോപകാരമേ പുണ്യം



മനുഷ്യജീവിതത്തിലെ ഏറ്റവും വലിയനന്മയാണ് പരോപകാരം. പരനെസഹായിക്കുന്നതിലൂടെ നേടുന്ന പുണ്യം ചെറുതല്ല. പരസഹായത്തിനു പ്രേരണയുണ്ടാകുന്നത് സ്നേഹം, ദയ തുടങ്ങിയ ഗുണങ്ങളിലൂടെയാണ്. തീർച്ചയായും പലതരത്തിലും നമുക്ക് അന്യരെ സഹായിക്കാൻ കഴിയും. ഒരു സമ്പന്നന് മറ്റുള്ളവരെ പണം കൊടുത്തു സഹായിക്കാൻ ആകും. പക്ഷെ അല്ലാത്തവർക്കും അന്യനെ സഹായിക്കാൻ പല വഴികളുമുണ്ട്. വിശക്കുന്നവന് ആഹാരം നൽകുക, ആപത്തിൽപ്പെട്ടുന്നവരെ സഹായിക്കുക, എല്ലാവരോടുംനല്ല വാക്കുകൾ പറയുക. പ്രത്യേകിച്ച് വേദനിക്കുന്നവരോട് ആശ്വാസവാക്കുകൾ പറയുക, രോഗികളെ സഹായിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. ഇവയെല്ലാം പരസഹായമാണ്. അന്യന് ഉപകാരം ചെയ്യുന്നതിലൂടെ, ദാനം ചെയ്യുന്നതിലൂടെ ചിലതെല്ലാം ത്യജിക്കുന്നതിലൂടെ മനുഷ്യൻ കൂടുതൽ സന്തുഷ്ടമാവുകയും അവൻെറ ആത്മാവ് പ്രഫുല്ലമാവുകയും ചെയ്യുന്നു.പരോപകാരത്തിൻെറ ഉത്തമമാതൃകയാണല്ലോ

പ്രകൃതി നാം അതറിയുന്നു.വൃക്ഷങ്ങൾ നമുക്ക്ഫലം നൽകുന്നു. വലിയ വൃക്ഷങ്ങൾ ഫലത്തോടൊപ്പം നമുക്ക് തണലും നൽകുന്നു. സൂര്യരശ്മികൾ നമുക്ക് ജീവിത വെളിച്ചം പ്രാധാന്യം ചെയ്യുന്നു. നദികൾ ജലം നൽകുന്നു. ചന്ദ്രൻ നിലാവ് വർശിക്കുന്നു. അതെപരോപകാരത്തിലൂടെ ജീവീതം സാർത്ഥകമായിത്തീരുന്നു.

ഖദീജ ഷഹ്ന

# സമയ പുരാണം

ബുദ്ധിമാനായ മനുഷ്യൻ സമയത്തിൻെറ മൂല്യം മനസ്സിലാക്കുന്നു. സമയത്തെ വേണ്ട രീതിയിൽ ഉപയോഗിക്കുന്നയാളിന് ഈ ലോകത്ത് യാതൊന്നും അസാദ്യമായിത്തീരുന്നില്ല. ഈശ്വരൻെറ എല്ലാ സൃഷ്ടിയും സംഹാരവും സമയത്തിൽ അധിഷ്ഠിതമാണ്. ഒരിക്കൾ നഷ്ടമായാൽ പിന്നീട് നേടിയെടുക്കാൻ കഴിയാത്ത ഒന്നാണ് സമയം അതുകൊണ്ട് തന്നെ യഥാസമയം ഉചിതമായ നല്ല കാര്യങ്ങൾ ചെയ്താൽ ജീവിതം അർത്ഥവത്താകുന്നു.

മനുഷ്യൻെറ ശാരീരികവും ബുദ്ധിപരവും



മാനസികവുമായവികാസംസമയത്തിൻെറസദുപയോഗത്തിലൂടെ സാധ്യമാകുന്നു. വിദ്ധ്യാർത്ഥി ജീവിതം ജ്ഞാനം ആർജിക്കാനുളള സമയമാണ്. എന്നാൽ ഇന്നത്തെ വിദ്ധ്യാർത്ഥികൾ സമയത്തിൽ ശ്രദ്ധിക്കാതെ , അതു വേണ്ടതരത്തിൽ ഉപയോഗിത്താതെ രാഷ്ട്രീയത്തിലും മറ്റുമായി ജീവിതം പാഴാക്കുകയാണ്. പ്രകൃതി ഏതൊരു ജീവിക്കും ഒരു കാലയളവ് നിശ്ചയിച്ചിട്ടുണ്ട്. ആ സമയം പ്രയോജനപ്രദമാക്കുക. മഹാത്മാ ഗാന്ധിയെപ്പോലുളള മഹാത്മാർ അതു കണ്ടറിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്. യഥാസമയം ചെയ്യേണ്ടതു ചെയ്യാതെ ഒടുവിൽ ദു:ഖിച്ചിട്ടു കാര്യമില്ല. സമയം ദുരുപയോഗം ചെയ്താൽ ജീവിതത്തിൽ സന്തോഷം ഇല്ലാതാവുകയേ ഉളളൂ.

# വൃദ്ധസദനം

ഇന്നത്തെ കാലഘട്ടമുയർത്തുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് വൃദ്ധസദനങ്ങൾ. കാലത്തിൻെറ പ്രയാണത്തിൽപ്പെട്ട് ജീവിന്ത്യത്തിൽ ഒറ്റപ്പെട്ടുപോകുന്ന ഒരുകൂട്ടം മനുഷ്യരുടെ അവസാനആശ്രയമാണോ വൃദ്ധസദനങ്ങൾ? ഒരു പക്ഷേ ആയിരിക്കാം.

ആധുനിക ലോകത്തിലെ അത്യാധുനിക മനുഷ്യൻ വൃദ്ധരായ മാതാപിതാക്കളെ എന്തു കാരണത്താലാവാം ഇത്തരത്തിൽ ഓൾഡേജ് ഹോം എന്ന ബോർഡിൻെറ

താഴെ ഉപേക്ഷിക്കുന്നത്? ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഈ ചോദ്യം ഒരു പക്ഷേ അപ്രസക്തമായിരിക്കാം. എന്നാൽ അതിൻെറ പ്രദാനകാരണമായി നമുക്ക് കണ്ടെത്താൻ കഴിയുന്നത് മനുഷ്യരുടെ തിരക്കുകളാണ് അല്ലെങ്കിൽ സമയക്കുറവാണ് വൃദ്ധസദമങ്ങളിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നതെന്നാണ്.



ജീവിതക്കാലം മുഴുവൻ സ്വന്തം മക്കൾക്കായി മാത്രം ജീവിച്ച് അവർക്ക് കരുതലും കരുണയും സ്നേഹവും അന്നത്തോടൊപ്പം നൽകി പഠിപ്പിച്ച് ഉദ്യോഗാർത്ഥികളായി കഴിഞ്ഞാൽ പിന്നെ മാതാപിതാക്കൾ തങ്ങൾക്കൊരു ബാദ്ധ്യതയാണെന്ന വിചാരവും വൃദ്ധസദനങ്ങളിലെ നിശ്ശബ്ദ തേങ്ങലുകൾക്ക് ആക്കം കൂട്ടുന്നു. മാറിടത്തിൽ നിന്ന് സ്നേഹം ചുരത്തിയ അമ്മയും ബാല്യത്തിൽ കൈപിടിച്ചു നടത്തിയ അഛനുംമക്കൾക്ക് അന്യരായി മാറുന്നു പക്ഷേ എന്നെങ്കിലുമൊരിക്കൽ യൗവ്വനത്തിൻെറ മൃദുല പുഷ്പങ്ങൾ തങ്ങളുടെ ജീവിതത്തിൽ നിന്നും കൊഴിഞ്ഞു പോകുമെന്നും അവിടേയ്ക്ക് വാർദ്ധക്യം വിരുന്നിനെത്തുമെന്നും പച്ചപരിഷ്ക്കാരികളായ ഇന്നത്തെ മനുഷ്യർ ഓർമ്മിക്കുന്നില്ല.

ചിലപ്പോൾ വൃദ്ധസദനങ്ങൾ പോലും ഇത്തരക്കാർക്കായി വാതിൽ തുറന്നിടണമെന്നില്ല.

- ഖദീജ, ഷഹ്ന

# ചിത്രശലഭം

*ചിത്രശലഭമേ ചിത്രശലഭമേ*
*പൂക്കൾ നിന്നെ വിളിക്കുന്നു*
*കളിയാടിടാൻ കൂടെ വരുമോ*
*തേൻ നുകരാക്കാൻ നീ വരുമോ*

*ചിത്രശലഭമേ ചിത്രശലഭമേ*
*കുഞ്ഞനിയൻ കാത്തുനിൽക്കുന്നു*
*വാനിൽ നീ പറന്നുയരുമ്പോൾ*
*എന്തൊരു ചന്തം നിന്നെ കാണാൻ*
*ചിത്രശലഭമേ ചിത്രശലഭമേ*
*ഞാനും വരട്ടയോ നിൻെറ കൂടെ*
*ചിറകെനിക്കില്ലല്ലോ പറന്നുയരാൻഎങ്ങനെഞാൻ വരും നിൻെറ കൂടെ..*

*-അൻസ*

# ആമയും കുരങ്ങും

ഒരു കാട്ടിൽ ആമയും കുരങ്ങനും
ഉണ്ടായികുന്നു. അവര്
രണ്ടുപേരും കൂട്ടുകാരായികുന്നു .
കുരങ്ങന് ഒരു ദിവസം ഒരു
വാഴതൈത്തെ കിട്ടി. രണ്ടുപേരും



കൂടി അതു നട്ടു. ആമ അതിൻെറ ചുവട്ടിൽ
വെള്ളം ഒഴിക്കുമായിരുന്നു. വാഴതൈ വളർന്നു
വലുതായി. അത് കായ് ച്ചു
ഒരു ദിവസം കുരങ്ങ് ആമയോട് ചോദിച്ചു
നിനക്ക് കായ് വേണോ? മൂട് വേണോ? എന്ന്.
അപ്പോൾ ആമ പറഞ്ഞു മൂട്
വേണം. അത് സമ്മതിച്ച കുരങ്ങൻ കായും
എടുത്തു പോയി
പാവം ആമയ്ക്ക് ഒന്നും കിട്ടിയില്ല.

-അൻസ

# അണയാത്ത സ്നേഹം

കൃഷ്ണപുരം എന്ന ഗ്രാമത്തിൽ രണ്ടു ആത്മാർത്ഥ സുഹൃത്തുക്കളായ രണ്ടു പെൺകുട്ടിക്കൾ ഉണ്ടായികുന്നു.
അവരുടെ പേര് രേവതി എന്നും നിരഞ്ജന എന്നുമായിരുന്നു.
അവർ ഒരേ സ്ക്ൂളിൽ ഒരേ ക്ലാസിലായിരുന്നു പഠിക്കുന്നത്. എന്തുകിട്ടിയാലും അവർ തുല്യമായി വീതിക്കുമായിരുന്നു.
അവരുടെ ഈ സൗഹൃദം കണ്ട് അവരുടെ ക്ലാസിലെ മീന എന്ന കുട്ടിക്ക് അസൂയായായിരുന്നു.ഒരു ദിവസം അവർ രണ്ടു പേർക്കും മുറിവുപ്പറ്റിയ ഒരു തത്തയെകിട്ടി. അവർ ആ തത്തയേയും എടുത്ത് കൊണ്ട് രേവതിയുടെ വീട്ടിലേക്ക് പോയി. അപ്പോൾ അവളുടെ അമ്മ ചോദിച്ചു "നിനക്ക് ഈ തത്തയെ എവിടെ നിന്നു കിട്ടി". അവൾ

പറഞ്ഞു ഞങ്ങൾ സ്ക്കൂൾ വിട്ടു വരുന്ന വഴിക്ക് കിട്ടിയതാ അമ്മേ.അവൾ ആ തത്തയെ ശുശ്രൂഷിച്ചു. അമ്മ ചോദിച്ചു ''നിങ്ങൾ ഈ തത്തയെ എവിടെ താമസിപ്പിക്കുവാൻ പോവുകയാണ്.

നിരഞ്ജന പറഞ്ഞു''ഈ തത്തയെ ഇവിടെ തന്നെ നിർത്താം.''രേവതി ചോദിച്ചു ഇതിന് കൂട് എവിടെ നിന്നും വാങ്ങും? കൂട് എന്റെ പക്കൽ ഉണ്ട് എന്ന് നിരഞ്ജന പറഞ്ഞു. അവർ ആ തത്തയെ രേവതിയുടെ വീട്ടിൽ താമസിപ്പിച്ചു.

അവർ രണ്ടു പേർക്കും ആ തത്തയോട് വളരെ സ്നേഹമായിരുന്നു.-

ഷൈല



# ക്വിസ്

**1.** കേരളത്തിലെ ആദ്യത്തെ ബാങ്ക്**?**

നെടുംങ്ങാടി ബാങ്ക്

**2.**മലമ്പുഴ ഗാർഡനിലെ യക്ഷിയുടെ ശില്പി ആരാണ്**?**

കാനായി കുഞ്ഞിരാമൻ

**3.**മലയാളത്തിലെ ആദ്യ ശബ്ദ്ചിത്രം ഏത്**?**

ബാലൻ

**4.**കേരളത്തിലെ ഏറ്റവും വലിയ മഴക്കാട് ഏതാണ്**?**

സൈലന്റ് വാലി

**5.**കേരളത്തിലെ ആദ്യ പത്രം ഏതാണ്**?**

രാജ്യ സമാചാരം

**6.**തിരുവിതാംകൂറിന്റെ ആദ്യ പ്രധാനമന്ത്രി ആര്**?**

പട്ടം താണുപ്പിള്ള

**7.**മലയാള ഭാഷയുടെ പിതാവാര്**?**

എഴുത്തച്ഛൻ

-ഷൈല

# THE GOD OF GODS

**Shiva! The Mahadev..**

**Destroyer of evils..**

**Passionate lover..**

**Fierce warrior..**

**Consummate Dancer..**

***Charismatic Leader..***



# LIFE



Life is a Sea
With lots of Waves to Sea
Big Waves and tiny waves
The big wave of life makes us love

Small waves are so beautiful
The small waves of Life makes us Full
Together we make a sweet Life
We thank the Lord For this Life

*- Afia*

# MY MOTHER



Oh my mother
you are my heart
my heart is full of you
you are my God
you are my guide
you are my Lord
you are my all
you gave a life that is thousand year worth
my life is not enough to thank you
so I want you to be mine & for ever
so that I can enjoy your Love & care
when you are away from me I am sad
My mother ! My mother
don't go away from me

- Nazrin, Rajna & Afia

# LACK OF EXERCISE & HEALTH PROBLEMS

In Kerala the number of persons affected by heart diseases are increased because of excess fatty food and the lack of exercise.



Regular and systematic exercise is good for health. Health means social, mental and the physical well being of a person. Exercise give strength to the muscles and the defence system of the body. Running , jogging , cycling , playing foot ball , cricket are the different type of exercises .

The basic reason for high B P, heart diseases , respiratory problems etc.... is lack of proper exercise . Many diseases can be kept away by regular systematic exercise .If we start doing exercise at an early stage we will be able to avoid many diseases at the old age. So we must do exercise regularly .

# 'IMPORTANCE OF JOINT FAMILY'' IN CURRENT SOCIETY

**Today , in our society the number of joint family is very low. People love to live in nuclear family. They do not know the significance of joint family In olden days there were only joint family. There was love and affection between all the members in the family. There was lot of members in a family to take care of children**



**A joint family is considered bigger compared to a nuclear family because a joint family includes grandparents, uncles, aunts, cousins, and in-laws, aside from the typical mother, father, and children. When you ask older people, many prefer the joint family, as grandparents help the parents take care of the children**



# *THE JOURNEY*

*The Journey had started long ago*
*Like from darkness to light*
*All from an infancy to an old age*
*Departure spot is our birth*
*End will be our death*
*We are who make our life*
*Stylish,super fun*
*But, do something well*
*Better than getting hell*
*Live for another*
*Better than living like another*
*Try for good memories*
*Better than having some worries*

*KATHIJA SHAHNA*



# *MAHATMA GANDHI*

*M- Man of big caliber*
*A- Admired by one and all*
*H- Humbily served the poor*
*A-Active he was upto the last*
*T- Truth was his life*
*M- Made India Independent*
*A- Avoid personal comfort*
*G- Genius in all respects*
*A- Ahimsa he preached*
*N- Non-violence his only one aim*
*D- Devoted his life for the Indians*
*H- Honest life he had*
*I- Indian in all respects*

*KATHIJA SHAHNA*



# *MOTHER*

*A Women like a queen in fantasies*
*A being who struggles with reality*
*An enchantress who stole my love*
*A lady who distangle my hindrances*

*One who gives light to my life path*
*One who disembark me to the shore of happiness*
*One who teaches me the meaning of love*
*One who wears the dress of a defendess, And*
*One who never disburden her problems*

*She hides her sufferings behind her pretty face*
*She never disdain any of my desires*
*She always spreads her rejoice to all and*
*She jovially says to me ;*
*"Go ahead with trust"*
*"She is my one and only mother"*

*KATHIJA SHAHNA*

# *HOPE FOR THE BEST AND PREPARE FOR THE GOOD*

*We should be optimistic in life. One should firmly believe that whatever happens is for the best. The belief would boost us to carry on with our efforts and only hard and incessant efforts will lead to success. For our efforts to bear fruit, we should believe that we will succeed. This sort of positive thinking should urge on till the goal is reached. Instead if we get discouraged and lose heart, we will fail in life, despite all our efforts. We should be prepared to accept such situations in life. We should remember that failure is the stepping stone to success and our next endeavour may succeed. And so remembering this philosophy, in whatever we do; we will certainly come with flying colours in life.*



*KATHIJA SHAHNA*

# WHERE THERE IS A WILL,THERE IS A WAY

*A strong determination to achieve something will show you the success path and give you a bright future. All setbacks we face today, are because of our attitude. A pessimist will say, ' it is possible but difficult ' where an optimist face the challenge as it comes by saying, it is difficult but possible. It is this difference that makes winners and losers. When we think that it is possible,we will work for it and become the winner. But when we think it is not possible, we have to work for that impossible matter and make it possible.*



*There are a lot of legends who showed us that, nothing is, impossible. Napolean Bonapart said the word 'impossible' is not in his dictionary,consider Helen Keller who was deaf and dumb. Think of the great scientist Stephen Hawkings,who was almost completely paralyzed. Both of them are physically*

*weak. But they were mentally strong. It shows that physical weakness is not a matter to think, if we are mentally strong. Desire and self assessment with positive thinking makes a winner.*

*Our body is just a tool, for our mind to work. A person with powerful mind utilizes his time by combining his mind and energy. But those who are mentally weak, waste their life by thinking of their disabilities and setbacks their face. The famous American poet Longfellow points out that all great men become legends by 'toiling upwards in the night'. Winston Churchill said that "Hard word is the only passport to success in life".*

*Human desires are unlimited. Craze for more things and their non-fulfilment lead to unhappiness. There are a few things which in my opinion make our life happy. The first thing is good health. Good health is a blessing and happiness, the loss of health makes us unhappy. The second factor for happiness is peace and contentment. One should be satisfied with what one has. This will removed jealousy from his thoughts. He will not think only more about earning more. Freedom from worries and anxieties leads one to happiness.*

*When a person acquires a spirit of service, he is happy. People like Mother Teresa found happiness in social service. The idea happiness is that of one who always does right thing and never injures others. Then positive thinking is an essential factor for happiness. Those who turn a negative think into a positive factor, will be successful in their life and they will be very happy in their life.*

*Each person has to find his own form of happiness. A happy man is contented, sincere and honest and he is a blessing to the society. Then the main thing is that*

*happiness bring us a happy and comfortable life.*



# DISCIPLINE

*Discipline means the practise of training people to obey rules or a code of behaviour. A controlled behaviour is the result of such training. It includes mental or physical training. To make one obey rules or a code of behaviour by punishment or rebuke has never been an easy task. In order to be a well disciplined person one must be taught it from infancy. Parents and teachers are the very role models who can teach their wards and students to be discipline persons, and the importance of discipline in every day life.*

*Discipline does not come naturally. They have to be trained. Without training children would grow up rough and rude like savages.*

*A well disciplined person can achieve his goal in life. A discipline man is liked by everyone.*



**സെന്റ് റോക്സ് യൂണിറ്റ്**

***നന്ദി***